**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 731 — 27/04/2017-ൽ മറുപടിയ്ക്ക്.

**<u>ക്ഷീരഗ്രാമം പദ്ധതി</u>**

| **<u>ചോദ്യം</u>** | | **<u>ഉത്തരം</u>** |
|---|---|---|
| ശ്രീമതി. പി.അയിഷാ പോറ്റി | | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) | പാൽ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിയ്ക്കുന്നതിനായി ആരംഭിച്ച ക്ഷീരഗ്രാമം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കമോ; | (എ) 2017-18 വർഷത്തിൽ സംസ്ഥാനത്തെ 5 ഗ്രാമപഞ്ചായത്തുകളിലാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി ഒരു ഗ്രാമപഞ്ചായത്തിൽ ഒരു കോടി രൂപയുടെ സമഗ്ര ക്ഷീരവികസന പദ്ധതികളാണ് നടപ്പിലാക്കുന്നത്.<br>ഈ പദ്ധതിയിലൂടെ ഡെയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും കറവ യന്ത്രം വാങ്ങുന്നതിനും കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും ക്ഷീരകർഷകർക്ക് ആവശ്യാധിഷ്ഠിത സഹായത്തിനും ധന സഹായം നൽകുന്നു. |
| (ബി) | ക്ഷീരകർഷകരുടെ ക്ഷേമത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | ബി) ക്ഷീരകർഷക ക്ഷേമനിധി മുഖേന പെൻഷൻ, കുടുംബപെൻഷൻ, വിവാഹ ധനസഹായം, ചികിത്സാ സഹായം, മരണാനന്തര സഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ് തുടങ്ങിയവ നൽകി വരുന്നു. ക്ഷേമനിധി പെൻഷൻ 500 രൂപയിൽ നിന്നും 1100 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br>ക്ഷീരകർഷകരേയും അവരുടെ ഉരുക്കളേയും ഉൾപ്പെടുത്തി ഒരു സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ